**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 53** **13-10-2026-ൽ മറുപടിയ്ക്ക്**

**സി.എം.ആർ.എൽ.-എക്സാലോജിക് കേസ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. പി. കെ. നവാസ്

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സി.എം.ആർ.എൽ.-എക്സാലോജിക് പണമിടപാട് കേസ്സിൽ മുൻ മുഖ്യമന്ത്രി ഉൾപ്പെടെ 12 പേർക്കെതിരെ അഴിമതി നിരോധന നിയമ പ്രകാരം കേസ്സെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) കൊച്ചി മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്.

**(ബി)** പ്രസ്തുത കത്തിൽ മുൻ മുഖ്യമന്ത്രി കൈക്കൂലി വാങ്ങിയതായി അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ്; വിശദമാക്കാമോ;

**മറുപടി:** പ്രസ്തുത കത്തിൽ മുൻ മുഖ്യമന്ത്രി മകൾ ടി.വീണ മുഖാന്തിരം 3.28 കോടി രൂപ കൈക്കൂലി പണം കൈപറ്റിയതായി ആരോപിച്ചിട്ടുണ്ട്.

**(സി)** ഇ.ഡി. യുടെ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി:** നിയമാനുസൃതമായ അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ സർക്കാർ ചുമതലപ്പെടുത്തുകയും, ക്രൈം ബ്രാഞ്ച് എ.ഡി.ജി.പിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തി വരികയുമായിരുന്നു. എന്നാൽ 09.10.2026 -ലെ, WP(CRL) No. 1476/2026 -ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**